(ഡി)&(ഇ) കാറ്റുവീഴ്ച രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചു മാറ്റുന്നതിന് തെങ്ങൊന്നിന് 200 രൂപ നിരക്കിൽ ധനസഹായം ലഭ്യമാക്കി വരുന്നുണ്ട്.

17 (*77) കേര വെളിച്ചെണ്ണയുടെ കയറ്റുമതി

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :

ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "കേര" വെളിച്ചെണ്ണ ഗൾഫ് നാടുകളിലേയ്ക്ക് കയറ്റുമതി ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) "കേര" വെളിച്ചെണ്ണ ഗൾഫ് നാടുകളിലേയ്ക്ക് കയറ്റുമതി ചെയ്യുന്നതിന്റെ ചുമതല സംസ്ഥാനത്തെ ഏതെങ്കിലും ഏജൻസിയ്ക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസി മുഖേനയാണെന്ന് വ്യക്തമാക്കുമോ;

(ഡി) കയറ്റുമതി ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ എന്തെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഓരോവർഷവും എന്തു തുകയ്ക്കുള്ള വെളിച്ചെണ്ണയാണ് ഗൾഫ് നാടുകളിലേയ്ക്ക് കയറ്റുമതി ചെയ്യാൻ ലക്ഷ്യമിട്ടിട്ടുള്ളതെന്ന് പറയുമോ;

(എഫ്) കേര വെളിച്ചെണ്ണയുടെ ഗൾഫ് നാടുകളിലെ മാർക്കറ്റ് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ജി) എങ്കിൽ ഗൾഫ് നാടുകളിലെ ആവശ്യത്തിനനുസരിച്ച് സംസ്ഥാനത്ത് "കേര" വെളിച്ചെണ്ണയുടെ ഉൽപ്പാദനം വർദ്ധിപ്പിച്ചിട്ടുണ്ടോ; ഓരോ വർഷവും എത്ര കിലോഗ്രാം ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് അറിയിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) ഗൾഫ് നാടുകളിലേയ്ക്ക് വെളിച്ചെണ്ണ അയ്ക്കുന്നതിന് 1998 -ൽ കേരഫെഡിൽ നിന്ന് ഒരു ഉന്നത സംഘം യു.എ.ഇ., മസ്ക്കറ്റ് എന്നിവിടങ്ങളിൽ സന്ദർശനം നടത്തി പല വ്യാപാരി ഏജൻസികളുമായും ചർച്ച നടത്തി. അതനുസരിച്ച് യു.എ.ഇ. യിലെ "മൊണ്ടാന ഫുഡ് സ്റ്റഫ് ട്രേഡിംഗും", ഒമാനിലെ "ഖിംജിരാംസു" മായി വിൽപ്പന ധാരണയുണ്ടാക്കി. യു.എ.ഇ. യിൽ 29.4.1999-ൽ ബഹു. മുഖ്യമന്ത്രി "കേരഗോൾഡ്" വിപണിയിലിറക്കി, കേരയുടെ കയറ്റുമതിക്ക് തുടക്കം കുറിച്ചു.

(സി) ഇല്ല. "കേര" വെളിച്ചെണ്ണ ഗൾഫ് നാടുകളിലേക്ക് കയറ്റുമതി ചെയ്യാനുള്ള അവകാശം കേരഫെഡിൽ തന്നെ നിക്ഷിപ്തമാണ്.

(ഡി) "കേര"കയറ്റുമതി ധാരണയനുസരിച്ച് കേരഫെഡ് 500 എം.എൽ-ന് 1.3 ഡോളറും, 200 എം.എൽ-ന് 0.6 ഡോളറുമാണ് വില നിശ്ചയിച്ചിരിക്കുന്നത്. ഈ രണ്ടുതരം പാക്കിംഗ് മാത്രമാണ് കേരഫെഡ് കയറ്റുമതി

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാൻ ഉദ്ദേശിക്കുന്നത്. മുകളിൽ പറയുന്ന വിലയ്ക്ക് കേരഫെഡ് ചരക്ക് ദുബായ് പോർട്ടിൽ എത്തിച്ചു കൊടുക്കേണ്ടതാണ്.

(ഇ) ഏകദേശം 2.75 കോടി രൂപയുടെ വെളിച്ചെണ്ണ പ്രതിവർഷം കയറ്റുമതി ചെയ്യാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(എഫ്) ഉണ്ട്.

(ജി) ഗൾഫ് നാടുകളിലെ ആവശ്യത്തിനനുസരിച്ച് കേര വെളിച്ചെണ്ണ കരുനാഗപ്പള്ളി ഫാക്ടറിയിൽ നിന്ന് ഉൽപ്പാദനം നടത്തി കയറ്റുമതി ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ട്. 1999-2000 കാലയളവിൽ ഉദ്ദേശ്യം 10,000 മെട്രിക് ടൺ വെളിച്ചെണ്ണ ഉൽപ്പാദിപ്പിക്കാനാണ് പരിപാടി.

18 (*78) കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി

ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ആവശ്യത്തിനുള്ള വൈദ്യുതിക്ക് സബ്സിഡി നൽകുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) ഇതനുസരിച്ച് കർഷകർ നൽകിയ വൈദ്യുതി ചാർജ്ജ് തിരിച്ചുകിട്ടുന്നതിന് കാലതാമസം ഉണ്ടാകുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കർഷകർക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ വൈദ്യുതി സൗജന്യം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

19 (*79) ഏഷ്യൻ വികസന ബാങ്കിൽ നിന്ന് സംസ്ഥാനത്തിനുള്ള ധനസഹായം

ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. എം.എ. തോമസ് :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തിന്റെ ധനാഗമന മാർഗ്ഗം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനങ്ങൾക്ക് സഹായം നൽകാനുള്ള ഏഷ്യൻ വികസന ബാങ്കിന്റെ പദ്ധതിയിൽ കേരളത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly